തീരുമാനം അവിടത്തെ ഡി.എം.ഒ. തുടങ്ങിയവരുടെ പരാതിമൂലം പൊളിച്ച് കളയാൻ ശ്രമിച്ചപ്പോൾ അത് സ്റ്റേ ചെയ്തിരിക്കുന്നു. ജനകീയാസൂത്രണത്തിൽപ്പെട്ട വനിതാവ്യവസായ പരിശീലന കേന്ദ്രത്തിന്റെ മിനി ആഡിറ്റോറിയത്തിൽ എഴുതുവാനുള്ള സൗകര്യങ്ങളോടുകൂടി 96 കസേര സ്ഥാപിക്കുന്നതിന് മതിയായ പത്രപ്പരസ്യം നൽകി ടെണ്ടർ ചെയ്ത നടപടി അടക്കം സ്റ്റേ ചെയ്തിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ടാണോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ ഒരു തരത്തിലും മുനിസിപ്പൽ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്തവണ്ണം ഇപ്പോൾ സെക്രട്ടറിയെ മാറ്റണമെന്ന് ഒരു കൗൺസിൽ കേവല ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാക്കിയിട്ട് അതുപോലും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

' തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 1994-ലെ മുനിസിപ്പൽ ആക്ട് 48-ാം വകുപ്പു പ്രകാരം മുനിസിപ്പൽ സെക്രട്ടറിയുടെ നിയമനാധികാരി സർക്കാരാണ്. പ്രസ്തുത വകുപ്പിൽ 6-ാം ഉപവകുപ്പുപ്രകാരം മുനിസിപ്പൽ സെക്രട്ടറിയെ മാറ്റുന്ന ആവശ്യത്തിലേക്കായി കേവല ഭൂരിപക്ഷ വോട്ടിന്റെ പിൻബലത്തോടുകൂടി കൗൺസിൽ പാസ്സാക്കുന്ന ഒരു പ്രമേയംമൂലം സ്ഥലംമാറ്റുന്നതിന് ശുപാർശചെയ്യുകയാണെങ്കിൽ സർക്കാർ അങ്ങനെ ചെയ്യേണ്ടതുണ്ട്. മലപ്പുറം മുനിസിപ്പൽ സെക്രട്ടറിയെ സ്ഥലം മാറ്റുന്നതിന് അത്തരത്തിലൊരു പ്രമേയം മുനിസിപ്പൽ കൗൺസിലിൽനിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്, എന്നാൽ മുനിസിപ്പൽ ആക്ടിലെ 48-ാം വകുപ്പിനുള്ള ഭേദഗതി പ്രകാരം കൗൺസിൽ അപ്രകാരം ഒരു പ്രമേയം പരിഗണിക്കുന്നതിനുമുൻപ് ഒരു നിവേദനം നൽകുന്നതിന് ആവശ്യപ്പെടുന്ന പക്ഷം കൗൺസിലിന്റെ ചെയർമാന്റെയോ ചെയർപേഴ്സന്റേയോ മുൻപാകെ പറയാനുള്ളത് പറയുന്നതിന് ഒരവസരം സെക്രട്ടറിക്ക് നൽകേണ്ടതാണ്. മലപ്പുറം മുനിസിപ്പൽ കൗൺസിൽ അപ്രകാരം അവസരം നൽകിയിട്ടുണ്ടോയെന്ന കാര്യം പ്രമേയത്തിൽ വ്യക്തമല്ല. മാത്രവുമല്ല മുനിസിപ്പാലിറ്റികളുടെ വാർഡ് പുനർവിഭജനം നടന്നുകൊണ്ടിരിക്കുന്നതിനാൽ മുനിസിപ്പൽ സെക്രട്ടറിമാരെ 20-1-2000 വരെ സ്ഥലം മാറ്റരുതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ മലപ്പുറം മുനിസിപ്പൽ സെക്രട്ടറിയുടെ സ്ഥലംമാറ്റം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. മലപ്പുറം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തിട്ടുള്ള കാര്യവും ഇവിടെ പരാമർശിക്കപ്പെട്ടു. വ്യക്തമായ പരാതി കിട്ടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനെ സംബന്ധിച്ചിടത്തോളം നടത്തിയിട്ടുള്ള അന്വേഷണത്തിൽ വ്യക്തമായ അഴിമതി നടന്നിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് ഇത്തരം പദ്ധതികൾ തടത്തുവച്ചിട്ടുള്ളത്. കൂടുതൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണം നടന്നതിനുശേഷം വ്യക്തമായ നിലപാട് സ്വീകരിക്കുന്നതായിരിക്കും.

(7) വൃദ്ധജനങ്ങൾക്കുവേണ്ടി ഒരു സംസ്ഥാനനയം

ശ്രീ. ജി. സുധാകരൻ : സർ, വാർദ്ധക്യസ്ഥിതിയിൽ നിൽക്കുന്ന സീനിയർ പൗരൻമാർക്കുവേണ്ടി ഒരു സംസ്ഥാനനയം പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ക്ഷേമപ്രവർത്തനങ്ങളിലും പുരോഗമന നടപടികളിലും മാതൃക കാട്ടിയിട്ടുള്ള കേരളം തന്നെ വൃദ്ധജനങ്ങളുടെ ക്ഷേമ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ കാര്യത്തിലും ഇന്ത്യയിൽ മുൻകൈ എടുത്ത് മാതൃക കാട്ടണമെന്ന് അഭ്യർത്ഥിക്കുകയാണ്. 1997 മാർച്ച് 6-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ സ്ത്രീകൾ, കുട്ടികൾ, വാർദ്ധക്യം ബാധിച്ചവർ, നിരാലംബർ എന്നീ ദുർബല വിഭാഗങ്ങളെ സഹായിക്കാൻ മുൻഗണന നൽകുമെന്നും വൃദ്ധജനങ്ങൾക്കായി ഒരു സംസ്ഥാനനയം ആവിഷ്കരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. My Government will take steps to evolve a State Policy on the Aged. The Hon'ble Governor had said in the speech എന്നാൽ ഈ നയം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. ഉടനെ പ്രഖ്യാപിക്കേണ്ടതാണ്. യു.എൻ.ഒ. 1999 സാർവ്വദേശീയ വൃദ്ധജനവർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. വൃദ്ധജനനയം ഇല്ലാത്ത രാജ്യങ്ങൾ ഈവർഷം നയം പ്രഖ്യാപിക്കണമെന്നാണ് യു.എൻ.ഒ യുടെ ശാസന. 1999 മാർച്ചിൽ ഇന്ത്യയിൽ ദേശീയവൃദ്ധജനനയം പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം 2000-ാംആണ്ട് ഇന്ത്യൻ വൃദ്ധജനവർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ് സംസ്ഥാനങ്ങളിൽ കേരളം ആദ്യമായി വൃദ്ധജനനയം പ്രഖ്യാപിച്ച് മാതൃക കാട്ടാൻ മുന്നോട്ടുവരണം. കേരളത്തിൽ ഇപ്പോൾ ജനസംഖ്യയുടെ 10 ശതമാനം 60 വയസ്സിനു മുകളിലുള്ളവരാണ്. 2021-ൽ 20 ശതമാനത്തിനും 25 ശതമാനത്തിനുമിടയിൽ എത്തുമെന്നാണ് കണക്ക്. ഇത് വൃദ്ധജനനയത്തിന്റെ അടിയന്തിര ആവശ്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. വാർദ്ധക്യകാല പെൻഷൻ, താമസസൗകര്യം, ചികിൽസാ സൗകര്യം, സാദ്ധ്യമായ തൊഴിൽസൗകര്യങ്ങൾ തുടങ്ങി സമഗ്രമായ ഒരു വൃദ്ധജനനയം പ്രഖ്യാപിക്കണം. വ്യവസായിക രാഷ്ട്രങ്ങളിലുള്ള വൃദ്ധജനസംഖ്യയിലേയ്ക്കാണ് കേരളം കുതിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഇന്നത്തെ വളർച്ചയ്ക്കു അടിസ്ഥാനമിട്ടത് ഇന്നത്തെ വൃദ്ധജനങ്ങളാണെന്ന് മറന്നു പോകരുത്. കേരളത്തിൽ ഇപ്പോൾ 15വയസ്സിന് മുകളിലുള്ളവർ 60ശതമാനവും 60 വയസ്സിന് മുകളിലുള്ളവർ 10 ശതമാനവുമാണ്. കേരളത്തിന്റെ വർക്ക് ഫോഴ്സ് അവശേഷിക്കുന്നത് 60 ശതമാനമാണ്. 25 വർഷത്തിനുള്ളിൽ കുട്ടികളുടെ എണ്ണം 10 ശതമാനമായി കുറയും. വൃദ്ധജനങ്ങളുടെ എണ്ണം 20 ശതമാനത്തിന് മുകളിൽ വർദ്ധിക്കും. തിരുവനന്തപുരത്ത് Gerontological പഠനകേന്ദ്രം ഇത് സംബന്ധിച്ച് ഒരു പഠനം തന്നെ നടത്തി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്ന My Government will take steps to evolve a State Policy on the Aged. എന്നുള്ളത് ഒരു വർഷക്കാലം കഴിഞ്ഞിട്ടും പ്രഖ്യാപിക്കാത്ത സാഹചര്യത്തിൽ അടിയന്തിരമായി വൃദ്ധജന ക്ഷേമനയം പ്രഖ്യാപിച്ച് നടപ്പിലാക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇന്ത്യയിലെ ഇതര സ്റ്റേറ്റുകളെ അപേക്ഷിച്ച് വൃദ്ധജനങ്ങൾ കൂടുതലുള്ള ഒരു സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ ആകെ ജനസംഖ്യയുടെ 9 ശതമാനം വൃദ്ധജനങ്ങളാണെന്ന് കാണുന്നു. 2020-ൽ കേരളത്തിലെ വൃദ്ധജനങ്ങളുടെ എണ്ണം ജനസംഖ്യയുടെ 12 ശതമാനമാകുമെന്നും വരുമാനമില്ലായ്മ, താമസസൗകര്യം ഇല്ലായ്മ, രോഗങ്ങൾമൂലം ഉണ്ടാകുന്ന ശാരീരിക അവശത, മാനസിക അസ്വസ്ഥതകൾ, അണുകുടുംബങ്ങളുടെ ആവിർഭാവം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ മുതലായവയാണ് വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ലോകമെമ്പാടുമുള്ള വൃദ്ധജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുകയും അവയ്ക്ക് ആവുന്നത്ര പരിഹാരമുണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

"അന്താരാഷ്ട്രവൃദ്ധജന വർഷമായി" ആചരിക്കുകയാണ്. 1999 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ ഈ വൃദ്ധനയം പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാർ വൃദ്ധജനങ്ങളുടെ പരിരക്ഷയ്ക്കായി ഇതിനോടകം തന്നെ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 13 ജില്ലകളിലും ഇപ്പോൾ ഗവൺമെന്റ് വക വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അനുയോജ്യമായ കെട്ടിടം ലഭിക്കാത്തതുമൂലം പത്തനംതിട്ടയിൽ വൃദ്ധസദനം തുടങ്ങാൻ കഴിയാതെ വന്നു. അവിടെ ഇപ്പോൾ കെട്ടിടം ലഭിച്ചിട്ടുണ്ട്. Renovation നടന്നുകൊണ്ടിരിക്കുകയാണ്. അത് തീർന്നാലുടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതുകൂടാതെ സർക്കാർ അംഗീകാരത്തോടെ വൃദ്ധസംഘടനകൾ നടത്തുന്ന 82 വൃദ്ധസദനങ്ങൾ കൂടി ഗവൺമെന്റ് സഹായത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. 1999-2000 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വൃദ്ധജന പദ്ധതികൾക്കായി 73.6 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇപ്പോൾ 1,31,549 പേർക്ക് പ്രതിമാസ വാർദ്ധക്യകാല പെൻഷൻ 110 രൂപ വീതം കൊടുത്തുവരുന്നുണ്ട്. ഇതുകൂടാതെ ഓരോ ജില്ലയിലും സമൂഹത്തിൽ താഴെക്കിടയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ലോകബാങ്കിന്റെ സഹായത്തോടെ അവരെ സഹായിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഭർത്താവ് ഉപേക്ഷിച്ചവർ, വിധവകൾ എന്നീ വിഭാഗത്തിൽപ്പെട്ട താഴ്ന്ന വരുമാനക്കാരുടെ സ്ത്രീകൾക്ക് പ്രതിമാസം 110 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. ഒരു ലക്ഷത്തിഅൻപത്തിരണ്ടായിരം ഗുണഭോക്താക്കൾ ഉണ്ട്. സാധുക്കളായ പെൺമക്കൾക്കുള്ള വിവാഹ സഹായങ്ങൾ എല്ലാംതന്നെ ഈ സർക്കാർ നടത്തിവരുന്നുണ്ട്. കേന്ദ്രം പ്രഖ്യാപിച്ച വൃദ്ധനയത്തിൽ വളരെയധികം സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്ന പല കാര്യങ്ങളുമുണ്ട്. എല്ലാ വകുപ്പുകളിലുമുണ്ടാകുന്ന വൃദ്ധൻമാർക്ക് അനുകൂലമായി പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങൾ ഒന്നായി കേന്ദ്രീകരിച്ച് നടത്തുന്നതിന് ഒരു സെക്രട്ടേറിയറ്റ് തന്നെ ഉണ്ടാക്കേണ്ടതുണ്ട്. സാമ്പത്തിക പരിമിതിയ്ക്കുള്ളിൽനിന്നുകൊണ്ടുതന്നെ കേന്ദ്രനയത്തിന്റെ മാതൃകയിൽ ഒരു വൃദ്ധനയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മി. സ്പീക്കർ : നമുക്ക് ഇന്ന് ധാരാളം സബ്മിഷൻസുണ്ട്, ഇന്നലെ മാറ്റി വച്ചതും ഇന്ന് എടുക്കണം. ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരും സഹകരിച്ചാൽ നമുക്ക് ഇതെല്ലാം എടുക്കാം. ബുദ്ധിമുട്ടില്ല, പരമാവധി സഹകരിക്കണം.

(8) മീനച്ചിൽ താലൂക്കാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം

ശ്രീ. പി.സി. ജോർജ് : സർ, മീനച്ചിൽ താലൂക്കിന്റെ ആസ്ഥാനമായ പാലായിൽ 1993-ൽ എഗ്രിമെന്റ് വച്ച് പണി നടന്നുകൊണ്ടിരിക്കുന്ന താലൂക്കാശുപത്രി കെട്ടിടത്തിന്റെ പണി ഇന്നും പൂർത്തീകരിച്ചിട്ടില്ല. അതിന്റെ പ്രത്യേകത എന്തെന്നാൽ ഇത് 7 നില കെട്ടിടമാണ്. രോഗികൾ അതിന്റെ മുകളിൽ പോകുന്നതിന് വളരെ ബുദ്ധിമുട്ടുകയാണ്. യഥാർത്ഥത്തിൽ അതിന്റെ പണി ആരംഭിച്ച നടപടിക്രമം തന്നെ തെറ്റാണെന്നുള്ള അഭിപ്രായമെനിക്കുണ്ട്. ഏതായാലും അതിന്റെ സ്ട്രക്ചറിന്റെ മുഴുവൻ പണിയും തീർത്തുകഴിഞ്ഞു. ആ നിലയ്ക്കു ആ കെട്ടിടപ്പണി പൂർത്തീകരിച്ച് രോഗികൾക്ക് വേണ്ട സഹായം ചെയ്യുകമാത്രമാണ് ഇന്ന് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. ഇപ്പോൾ ഫ്ളോറിംഗിന്റെ വർക്ക് നടക്കുന്നില്ല, വുഡ് വർക്ക് നടക്കുന്നില്ല, ഇലക്ട്രിഫിക്കേഷൻ ആയിട്ടില്ല, പ്ളമ്പിംഗ് നടക്കുന്നില്ല, വാട്ടർ സപ്ലൈ ആയിട്ടില്ല,

LIBRARY ARCHIVES Kerala Legislative Assembly